**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4750** **19-03-2025 - ൽ മറുപടിയ്ക്ക്**

**ഫിഷറീസ് വകുപ്പിന്റെ പ്രവർത്തന മികവിന് ലഭിച്ച പുരസ്കാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ,<br>ശ്രീ. ടി.ഐ.മധുസൂദനൻ,<br>ശ്രീ. എച്ച്. സലാം,<br>ശ്രീ. എം.വിജിൻ** | | **ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാന ഫിഷറീസ് വകുപ്പിന്റെ പ്രവർത്തനങ്ങൾ മുൻനിർത്തി കേന്ദ്ര സർക്കാരിൽനിന്നും പ്രസ്തുത രംഗത്തെ മികച്ച സംസ്ഥാനത്തിനുള്ള പുരസ്കാരം ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | ഉണ്ട്.<br><br>2024 നവംബർ 21-ലെ ലോക മത്സ്യ ദിനത്തോടനുബന്ധിച്ച് ഡൽഹിയിൽ നടന്ന ചടങ്ങിൽ മികച്ച സംസ്ഥാനങ്ങൾക്കും ജില്ലക്കും അവാർഡുകൾ ഏർപ്പെടുത്തുകയുണ്ടായി. ഇതിൽ ഏറ്റവും മികച്ച മറൈൻ സംസ്ഥാനത്തിനുള്ള അവാർഡ് കേരളത്തിന് ലഭിച്ചു. കൂടാതെ ഏറ്റവും മികച്ച മറൈൻ ജില്ലയായി കൊല്ലവും തെരഞ്ഞെടുക്കപ്പെട്ടു. |
| (ബി) | സംസ്ഥാന ഫിഷറീസ് വകുപ്പിന്റെ എന്തെല്ലാം പദ്ധതി പ്രവർത്തനങ്ങളുടെ ഫലമായാണ് പ്രവർത്തന മികവിനുള്ള ഈ അംഗീകാരം ലഭിച്ചതെന്ന് അറിയിക്കുമോ; | (ബി) | കേന്ദ്ര പദ്ധതിയായ പ്രധാനമന്ത്രി മത്സ്യ സമ്പദാ യോജനയുടെ (PMMSY) നടത്തിപ്പിനും മത്സ്യ സമ്പത്ത് സംരക്ഷണത്തിനും പരിപാലനത്തിനും മത്സ്യത്തൊഴിലാളികളുടെ ക്ഷേമ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനും കേരളം കാണിച്ച മാതൃകയ്ക്കാണ് അവാർഡ് ലഭിച്ചത്. |
| (സി) | മുൻകാലങ്ങളിൽ ഇത്തരത്തിൽ ഫിഷറീസ് വകുപ്പിന് പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ? | (സി) | ഇല്ല |

സെക്ഷൻ ഓഫീസർ